85

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JUNE 2025

# ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് സാങ്കേതികവിദ്യയുടെ അകമ്പടി



PMFME FoodTech KERALA
Kerala's Premier Exhibition for Food, Processing & Packaging Sector




കേരളത്തിന്റെ ഭക്ഷ്യ സംസ്കരണ മേഖലയിലെ മുന്നേറ്റം വെളിവാക്കി പിഎംഎഫ്എംഇ - ഫുഡ് ടെക് കേരള 2025. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് കേരളത്തിൽ നിന്നുള്ള പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ) പദ്ധതി ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി 2025 മെയ് 22 മുതൽ 24 വരെ എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ സംഘടിപ്പിച്ച 'പിഎംഎഫ്എംഇ - ഫുഡ് ടെക് കേരള 2025' പ്രദർശന മേള ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു.

2023 - 24, 2024 - 25 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാരിനു കീഴിലെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം കേരള സംസ്ഥാനത്തിനു നൽകിയ ലക്ഷ്യം മറികടന്നുകൊണ്ട് കേരളം മികച്ച പ്രവർത്തനം കാഴ്ചവെച്ചതായി ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വ്യവസായ സൗഹൃദത്തിൽ കേരളം ഇപ്പോൾ ഒന്നാം സ്ഥാനത്താണെന്നും മൂന്നു വർഷം മുമ്പ് പിഎംഎഫ്എംഇ പ്രവർത്തനമികവിൽ പന്ത്രണ്ടാം സ്ഥാനത്തായിരുന്ന കേരളം 104 ശതമാനം വളർച്ചയോടെ ഇപ്പോൾ ഒന്നാം സ്ഥാനത്താണെന്ന കാര്യവും അദ്ദേഹം ചൂണ്ടിക്കാട്ടി. ഭക്ഷ്യസംസ്കരണം കേരളത്തിന്റെ സാമ്പത്തികമേഖലയ്ക്ക് വളരെ പ്രധാനപ്പെട്ട മേഖലയാണ്. എംഎസ്എംഇ വായ്പകളുടെ കാര്യത്തിൽ കേരളം കുതിച്ചുചാട്ടം നടത്തിയതായും കേരളത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നത് എംഎസ്എംഇകളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പിഎംഎഫ്എംഇ പദ്ധതിയുടെ വിവരങ്ങൾ അറിയുന്നതിനും സംശയ ദൂരീകരണത്തിനുമായി ഏർപ്പെടുത്തിയ പുതിയ ഹെല്പ്ലൈൻ നമ്പറും (9747022883) ചടങ്ങിനോടനുബന്ധമായി ബഹു. മന്ത്രി പ്രകാശനം ചെയ്തു. കേരളത്തിൽ നിന്നുള്ള പിഎംഎഫ്എംഇ പദ്ധതി ഗുണഭോക്താക്കൾക്ക് മാർക്കറ്റിംഗ് പിന്തുണ നൽകുന്നതിനും പിഎംഎഫ്എംഇ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായിരുന്നു പ്രദർശനം സംഘടിപ്പിച്ചത്.

സംസ്ഥാനത്തെ വായ്പാ അപേക്ഷകൾ വിജയകരമായി പൂർത്തീകരിക്കാൻ പ്രയത്നിച്ച ബാങ്കുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ജില്ലാ റിസോഴ്സ് പേഴ്സൺസ് എന്നിവരെ ചടങ്ങിൽ ബഹു. മന്ത്രി ആദരിച്ചു. പ്രദർശനമേളയിൽ പിഎംഎഫ്എംഇ ഗുണഭോക്താക്കളുടെ സ്റ്റാളുകൾ കൂടാതെ ഭക്ഷ്യ സംസ്കരണത്തിനുള്ള സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ, ഭക്ഷ്യ ഉത്പന്നങ്ങളുടെ ചില്ലറ വിൽപ്പന, ബ്രാൻഡിംഗ്, പാക്കേജിംഗ് തുടങ്ങിയവയുടെ നൂറോളം സ്റ്റാളുകളുമുണ്ട്.

വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. അധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം അഡീഷണൽ സെക്രട്ടറി ശ്രീ. മിൻഹാജ് ആലം ഐ.എ.എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കെ - ബിപ്പ് സിഇഒ ശ്രീ. സൂരജ് എസ്., വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർമാരായ ശ്രീ. ജി. രാജീവ്, ഡോ. കെ. എസ്. കൃപകുമാർ, എറണാകുളം ഡിഐസി ജനറൽ മാനേജർ ശ്രീ. പി.എ. നജീബ്, അമേരിക്കയിലെ സ്റ്റോൾ മെഷിനറി വൈസ് പ്രസിഡന്റ് ശ്രീ. റോബർട്ട് ലൂയിസ് ഗാരി തുടങ്ങിയവർ സംബന്ധിച്ചു.

# തലസ്ഥാനം വളരുന്നു, വികസനവും

## തോന്നയ്ക്കലിൽ പുതിയ ഇൻഡസ്ട്രിയൽ പാർക്ക്



തലസ്ഥാനത്തിന്റെ വ്യവസായ വികസന സ്വപ്നങ്ങൾക്ക് പുതുവേഗം പകർന്നു കൊണ്ട് സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ തിരുവനന്തപുരം തോന്നയ്ക്കലിൽ പുതിയ മിനി ഇന്റസ്ട്രിയൽ പാർക്ക് പ്രവർത്തനം ആരംഭിച്ചു. 2025 മെയ് 28 ന് പുതിയ വ്യവസായ പാർക്ക് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നാടിന് സമർപ്പിച്ചു. പാർക്കിൽ ഭൂമി അനുവദിച്ചുകൊണ്ടുള്ള കത്ത് 18 സംരംഭകർക്കും ബഹു. മന്ത്രി കൈമാറി.

മലിനീകരണം ഇല്ലാത്ത ജനറൽ കാറ്റഗറിയിലുള്ള വ്യവസായങ്ങൾക്കായി പൂർണമായും സംരംഭകർക്കായി അനുവദിച്ചു കഴിഞ്ഞ പാർക്കിൽ പ്രതിരോധം ,എയ്റോസ്പേസ്, ഫുഡ്, ലോജിസ്റ്റിക്സ്, ഹാർഡ് വെയർ, പേപ്പർ അധിഷ്ഠിത ഉത്പന്നങ്ങൾ, ഫർണിച്ചർ തുടങ്ങി വിവിധ മേഖലകളിലായി പതിനെട്ടോളം സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അൻപതിലധികം കോടി രൂപയുടെ നിക്ഷേപവും 350ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ഇപ്പോൾ തന്നെ പാർക്കിന് സാധിച്ചിട്ടുണ്ട്. 7.48 ഏക്കർ സ്ഥലത്ത് റോഡ്, വൈദ്യുതി, വെള്ളം തുടങ്ങി എല്ലാവിധ സൗകര്യങ്ങളോടും കൂടി ലക്ഷ്യമിട്ടതിനേക്കാൾ നേരത്തേ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കി പാർക്കിലെ ഭൂമി സംരംഭകർക്ക് അനുവദിക്കുന്നതിന് കിൻഫ്രയ്ക്ക് സാധ്യമായി.

തോന്നയ്ക്കലിൽ 2011-ൽ ഗ്ലോബൽ ആയുർവേദ പാർക്കിനായി ഏറ്റെടുത്ത സ്ഥലത്താണ് ഇപ്പോൾ മിനി ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്. അന്നുമുതൽ വെറുതേകിടന്ന സ്ഥലം 2023-ലാണ് മറ്റാവശ്യത്തിന് ഉപയോഗിക്കാനാകും വിധത്തിൽ മാറ്റിയാണ് അനുമതി ലഭ്യമാക്കിയത്. പാർക്കിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച ഉടൻതന്നെ മുഴുവൻ യൂണിറ്റുകളും സംരംഭകർക്ക് കൈമാറാനായി എന്നത് ശ്രദ്ധേയമാണ്. ബഹു. എംഎൽഎ ശ്രീ. വി. ശശി അധ്യക്ഷനായ ചടങ്ങിൽ വ്യവസായവകുപ്പ് വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്., കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ് എന്നിവർ സന്നിഹിതനായിരുന്നു.

# വയനാട് കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക് പദ്ധതി

## യാഥാർത്ഥ്യമാകാൻ ഒരുങ്ങുന്നു



സംസ്ഥാന വ്യവസായ വകുപ്പിന് കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ വയനാട് കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക് പദ്ധതി യാഥാർത്ഥ്യമാകാൻ ഒരുങ്ങുന്നു. കാർബൺ ന്യൂട്രൽ കോഫീ പാർക്ക് പദ്ധതിക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള കോഫീ ലിമിറ്റഡ് കമ്പനി കിഫ്ബിയുടെ സഹായത്തോടെ കൽപ്പറ്റ പുഴമുടിയിൽ 19.92 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. രജിസ്ട്രേഷൻ പൂർത്തിയാകുകയും പദ്ധതിരേഖയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തതിനാൽ വളരെ പെട്ടെന്ന് തന്നെ കിഫ്ബിയുടെ കൂടി അംഗീകാരം നേടി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമാണം ആരംഭിക്കാൻ ഒരുങ്ങുകയാണ് സംസ്ഥാന വ്യവസായ വകുപ്പ്.



ലോകമാകെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നാണ്യവിളകളിലൊന്നാണ് കാപ്പി. കാപ്പിക്കൃഷിയിൽ വയനാടിനുള്ള പ്രാധാന്യം കൂടി കണക്കിലെടുത്തു കൊണ്ട് വയനാട്ടിലെയും പരിസരപ്രദേശങ്ങളിലേയും മുഴുവൻ കാപ്പിയും സംഭരിച്ച് കോഫിപാർക്കിൽ സംസ്കരിച്ച് കേരളാ ബ്രാൻഡ് ഉല്പന്നമാക്കി അന്താരാഷ്ട്ര വിപണിയിലുൾപ്പെടെ എത്തിക്കാനാണ് സംസ്ഥാന വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

വയനാടിലെ കാലാവസ്ഥയിൽ ഗുണനിലവാരമുള്ള റോബസ്റ്റ കാപ്പി വളരുന്ന സാഹചര്യം പരമാവധി മുതലെടുത്ത് ഈ രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കും. ഇത് പ്രദേശത്തെ കാർബൺ ന്യൂട്രലാക്കുന്നതിലും പ്രധാന പങ്ക് വഹിക്കും. വയനാട്ടിലെ കാപ്പി മേഖലയിൽ തൊഴിലാളികൾക്കനുകൂലമായതും ജില്ലക്കനുകൂലമായതുമായ വലിയ മാറ്റങ്ങൾക്ക് പദ്ധതി വഴിയൊരുക്കും. കാപ്പിക്കൃഷിയുടെ തിരിച്ചുവരവിനും ലോകത്തിന് മുന്നിൽ കേരളമെന്ന ബ്രാന്റിനും വഴിയൊരുക്കുന്ന മുന്നേറ്റമാകും വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക്.

# നിക്ഷേപങ്ങൾ വരുന്നു സംരംഭങ്ങൾ വളരുന്നു നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നു

നൽകപ്പെട്ട ഉറപ്പുകൾ പാലിച്ചു കൊണ്ട് വ്യവസായ മുന്നേറ്റത്തിലെ അലയൊലികൾ അടങ്ങാതെ മുന്നേറുകയാണ് നമ്മുടെ കേരളം. 2025 ഫെബ്രുവരി 21, 22 തീയതികളിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലെ നിക്ഷേപവാഗ്ദാനങ്ങൾ അതിവേഗത്തിൽ നിക്ഷേപങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. 1211 കോടിയുടെ 4 നിക്ഷേപ പദ്ധതികൾക്ക് 2025 ഏപ്രിൽ മാസം തുടക്കം കുറിക്കാൻ സാധിച്ചെങ്കിൽ എത്രയും പെട്ടെന്നുതന്നെ 2675 കോടിയുടെ 8 പദ്ധതികൾ കൂടി തുടക്കം കുറിക്കാൻ ഒരുങ്ങുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്.

INVEST KERALA GLOBAL SUMMIT FEB 21-22, 2025 | KOCHI

ഇതുവരെ 450 ലധികം കമ്പനികളിൽ നിന്നായി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്. 4.80 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സാധ്യതയാണ് നിർദ്ദേശങ്ങളിലുള്ളത്. ഐ.ടി.- ഐ.ടി അനുബന്ധ മേഖലകളിലായി 29 കമ്പനികൾ 9,300 കോടി രൂപയുടെ നിക്ഷേപ താൽപര്യം അറിയിച്ചിട്ടുണ്ട്.

### നിർമാണ പുരോഗതി ബഹു. മന്ത്രി നേരിട്ട് വിലയിരുത്തും

പദ്ധതികളുടെ മേൽനോട്ടം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നേരിട്ട് വിലയിരുത്തും. നയപരമായി എടുക്കേണ്ട തീരുമാനങ്ങളെക്കുറിച്ച് ആലോചിക്കാൻ 2025 ജൂൺ 19ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗംചേരും. നേരത്തെ നിക്ഷേപ താൽപര്യപത്രങ്ങളുടെ തത്സമയ ട്രാക്കിങ്ങിന് വെബ്പോർട്ടൽ ആരംഭിച്ചിരുന്നു. നിക്ഷേപകരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ അഞ്ചു ഘട്ടങ്ങളുള്ള എസ്കലേഷൻ പ്രോട്ടോക്കോളും തയ്യാറാക്കിയിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.